**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ട്രഷറി സേവിങ്സ് ബാങ്ക് - സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഇ-ടി.എസ്.ബി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ, KYC അപ്ഡേഷൻ തുടങ്ങിയവ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.88/2022/ധന** **തീയതി, തിരുവനന്തപുരം, 04/08/2022**

---

പരാമർശം:- 1. 13/06/2019-ലെ സ.ഉ.(പി)നം.67/2019/ധന.

2. 06/07/2019-ലെ സ.ഉ.(പി)നം.78/2019/ധന.

3. 22/12/2021-ലെ ട്രഷറി ഡയറക്ടറുടെ 4216/2021/F2-Try നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇ-ടി.എസ്.ബി (എംപ്ലോയീ ട്രഷറി സേവിംഗ്സ് ബാങ്ക്) അക്കൗണ്ട് മുഖേനയാക്കിയിട്ടുള്ളത്. ജീവനക്കാരുടെ പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇ-ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും തുടർന്ന് അക്കൗണ്ട് ഉടമ മുൻകൂട്ടി നിർദ്ദേശിച്ച പ്രകാരമോ/ ഓൺലൈൻ ഇടപാടുകൾ മുഖേനയോ തുക ബെനിഫിഷ്യറി അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. നിലവിൽ ഇ-ടി.എസ്.ബി അക്കൗണ്ടുകൾക്ക് 6% പലിശ നൽകുന്നുണ്ട്.

2. ഭൂരിഭാഗം ജീവനക്കാരും സർവ്വീസിൽ നിന്നും വിരമിച്ച ശേഷവും അവരുടെ ഇ-ടി.എസ്.ബി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെന്നും, വിരമിച്ചതിന് ശേഷം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മുഴുവനും ലഭിക്കുന്നതിന് മുൻപ് തന്നെ ഇ-ടി.എസ്.ബി അക്കൗണ്ട് ക്ലോസ് ചെയ്ത് പോയതിനാൽ തുടർന്ന് ഇ-ടി.എസ്.ബി അക്കൗണ്ട് റീ-ഓപ്പൺ ചെയ്യേണ്ട സാഹചര്യവും നിലനിൽക്കുന്നുണ്ടെന്നും, ആയതിനാൽ ഇ-ടി.എസ്.ബി അക്കൗണ്ടുകളെ സംബന്ധിച്ച് പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള ശിപാർശ പരാമർശം 3-ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇ-ടി.എസ്.ബി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമുള്ള പരിഷ്കാരങ്ങൾ വരുത്തി ഉത്തരവാകുന്നു:-

(i) സർവ്വീസിൽ നിന്നും വിരമിച്ചവർ അടിയന്തരമായും, വിരമിക്കാനുള്ളവർ, വിരമിക്കൽ തീയതിക്ക് തൊട്ട് മുൻപുള്ള തീയതിയിലും സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ്

ആനുകൂല്യങ്ങളും ക്രെഡിറ്റ് ചെയ്യുന്നതിന് ആരംഭിച്ച ഇ-ടി.എസ്.ബി (എംപ്ലോയീ ട്രഷറി സേവിംഗ്സ് ബാങ്ക്) അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

(ii) ഇ-ടി.എസ്.ബി. ക്ലോസ് ചെയ്യുന്നതിനായി വിരമിച്ചയാൾ/ ജീവനക്കാരൻ ഏതെങ്കിലും ട്രഷറിയെ സമീപിച്ച് PEN, ഇ-ടി.എസ്.ബി നമ്പർ എന്നീ വിവരങ്ങൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(iii) നിലവിൽ കൈവശമുള്ള ചെക്ക് ബുക്കും ട്രഷറിയിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. അങ്ങനെ തിരികെ ഏൽപ്പിച്ച ചെക്ക് ലീഫുകളുടെ വിവരം അറിയിച്ചുകൊണ്ടുള്ള എസ്.എം.എസ്. അക്കൗണ്ട് ഉടമയ്ക്ക് ലഭ്യമാകുന്നതാണ്.

(iv) ഇ-ടി.എസ്.ബി. ക്ലോസ് ചെയ്യുന്നതിന് അപേക്ഷ ലഭിച്ചാൽ ടി ജീവനക്കാരന് അർഹമായ യാതൊരു ക്ലെയിമിനുള്ള ബില്ലും ഇ-സബ്മിറ്റ് ആയി ട്രഷറി സിസ്റ്റത്തിൽ പാസ്സാക്കാനില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷമായിരിക്കണം ഇ-ടി.എസ്.ബി. closure നടപടി ട്രഷറി ഓഫീസർ പൂർത്തിയാക്കേണ്ടത്.

(v) ഇ-ടി.എസ്.ബി. ക്ലോസ് ചെയ്യുമ്പോൾ ടി അക്കൗണ്ടുമായി map ചെയ്തിട്ടുള്ള ടി.എസ്.ബി/ബാങ്ക് അക്കൗണ്ടിലേക്ക് ഇ-ടി.എസ്.ബി. അക്കൗണ്ടിൽ നിലവിലുള്ള തുക ട്രാൻസ്ഫർ ചെയ്യുന്നതും തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത അക്കൗണ്ട് മുഖേന ലഭിക്കുന്നതാണ്.

(vi) ഇ-ടി.എസ്.ബി. ക്ലോസ് ചെയ്യുന്ന മുറയ്ക്ക് ടി വിവരം സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യപ്പെടുകയും, ആയത് പ്രകാരം, തുടർന്നുള്ള ക്ലെയിമുകൾ മാറുന്നതിനായി ടി.എസ്.ബി/ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ SPARK-ൽ അപ്ഡേറ്റ് ചെയ്യാനുള്ള സംവിധാനം ഡി.ഡി.ഒ-യ്ക്ക് ലഭ്യമായിരിക്കുന്നതാണ്.

(vii) റിട്ടയർമെന്റ് തീയതിക്ക് ശേഷം ഇ-ടി.എസ്.ബി.യിൽ പലിശ കണക്കാക്കുന്നതല്ല. എന്നാൽ ക്ലോസ് ചെയ്യുന്നതുവരെ തുടർന്നും ടി അക്കൗണ്ട് നിലനിൽക്കുന്നതാണ്.

(viii) വിരമിക്കുന്നതിനു മുമ്പ് ഇ-ടി.എസ്.ബി. അക്കൗണ്ട് അവസാനിപ്പിക്കുന്നതിന് അപേക്ഷ നൽകിയ ഒരാൾക്ക് തൊട്ട് മുൻമാസത്തെ വരെ പലിശ കണക്കാക്കി നൽകിയിട്ടുണ്ടെന്ന് ട്രഷറി ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

(ix) സ്പാർക്ക് ഡാറ്റയിൽ ജീവനക്കാരന്റെ റിട്ടയർമെന്റ് തീയതി/വി.ആർ.എസ്/മരണം/ സർവ്വീസ് കാറ്റഗറി അനുസരിച്ച് വിരമിക്കൽ തീയതിയിലെ മാറ്റം തുടങ്ങിയവ അപ്ഡേറ്റ് ആകുന്ന മുറയ്ക്ക് ആയത് ഇ-റ്റി.എസ്.ബി. മോഡ്യൂളിലും അപ്ഡേറ്റ് ആകുന്നതാണ്.

(x) വിരമിച്ച ശേഷം സർക്കാർ സർവീസിൽ പുനഃനിയമനം ലഭിക്കുന്നവർക്ക് ഇ-ടി.എസ്.ബി. വീണ്ടും തുടങ്ങേണ്ടതാണ്. ആയതിനുള്ള സംവിധാനം സ്പാർക്കിലും, ഇ-ടി.എസ്.ബി. സിസ്റ്റത്തിലും ഉണ്ടായിരിക്കുന്നതാണ്.

(xi) നിലവിൽ ഇ-ടി.എസ്.ബി. ഉള്ള ഓൺലൈൻ ടി.എസ്.ബി. ഉപഭോക്താക്കൾ അവരുടെ K.Y.C അപ്ഡേറ്റ് ചെയ്യുകയും നോമിനേഷൻ സമർപ്പിക്കുകയും വേണം.

ഇതിനായി രണ്ട് മാസം സാവകാശം നൽകുന്നതാണ്. ഇപ്രകാരം ചെയ്യാത്തപക്ഷം ഇ–ടി.എസ്.ബി. അക്കൗണ്ടിൽ പലിശ കണക്കാക്കുന്നത് നിർത്തിവെയ്ക്കുന്നതായിരിക്കുമെന്ന് ബന്ധപ്പെട്ട അക്കൗണ്ട് ഉടമകളെ ട്രഷറി ഓഫീസർ അറിയിക്കേണ്ടതാണ്.

(xii) നിലവിൽ ടി.എസ്.ബി. ക്ലോസ് ചെയ്യുന്നതിനുള്ള പൊതു ചട്ടങ്ങളെല്ലാം ഇ-ടി.എസ്.ബി. ക്ലോസ് ചെയ്യുന്ന അപേക്ഷകൾക്കും ബാധകമായിരിക്കും.

4. ഇതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

5. കേരള ട്രഷറി കോഡിൽ ഇതിനാവശ്യമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രാജേഷ് കുമാർ സിംഗ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് പ്രോജക്റ്റ് മാനേജർ, സ്പാർക്ക്, ഡി.പി.സി. ബിൽഡിങ്, പാളയം, തിരുവനന്തപുരം.
സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി., വെള്ളയമ്പലം, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E1974115).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.